## കൊച്ചിയിലെ സഹകരണ മെഡിക്കൽ കോളേജ്

112 (1264) ശ്രീ. പി. ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചിയിലെ സഹകരണ മെഡിക്കൽ കോളേജ് പ്രവർത്തനം തുടങ്ങിയത് എന്നുമുതലാണ് ;

(ബി) ഇവിടെ വിദ്യാർത്ഥികൾക്ക് അഡ്മിഷൻ നൽകുന്നത് ഏത് രീതിയിലാണെന്ന് വ്യക്തമാക്കുമോ ;

(സി) പ്രവേശനം മെരിറ്റടിസ്ഥാനത്തിലല്ലായെങ്കിൽ മെരിറ്റടിസ്ഥാനത്തിൽ പ്രവേശനം വേണമെന്ന് ഏതെല്ലാം വിദ്യാർത്ഥി സംഘടനകൾ ആവശ്യം ഉന്നയിച്ചിട്ടുണ്ട് ;

(ഡി) ഇതിനോടുള്ള ഗവൺമെന്റ് സമീപനം വ്യക്തമാക്കുമോ ;

(ഇ) ഈ സ്ഥാപനത്തിലേയ്ക്കുള്ള അദ്ധ്യാപക/അനദ്ധ്യാപക നിയമനം പി.എസ്.സി. മുഖേനയാണോ ;

(എഫ്) ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2000-2001 അധ്യയന വർഷം മുതൽ.

(ബി) പ്രവേശന പരീക്ഷാ കമ്മീഷണർ നടത്തുന്ന മത്സര പരീക്ഷയിൽ ലഭിക്കുന്ന റാങ്കിന്റെ അടിസ്ഥാനത്തിൽ പ്രവേശനം നൽകുന്നതിനായി പ്രവേശന പരീക്ഷാ കമ്മീഷണർ അക്കാഡമിക് നൽകുന്ന ലിസ്റ്റിലുള്ള വിദ്യാർത്ഥികൾക്ക് അഡ്മിഷൻ നൽകുന്നു.

(സി&ഡി) പ്രവേശനം മെരിറ്റടിസ്ഥാനത്തിലാണ് നടത്തുന്നത്.

(ഇ&എഫ്) 1955-ലെ തിരു-കൊച്ചി സാഹിത്യ ശാസ്ത്രീയ ധർമ്മസംഘങ്ങൾ രജിസ്ട്രാർ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന ഒരു സ്വയംഭരണ സൊസൈറ്റിയാണ് സഹകരണ അക്കാദമി. ഈ സ്ഥാപനത്തിലെ നിയമനങ്ങൾ അക്കാദമി തന്നെ നടത്തുന്നു.

## സഹകരണ മേഖലയിലെ ഡെപ്പോസിറ്റ് കളക്ഷൻ ഏജന്റുമാർ

113 (1265) ശ്രീ. എ. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ സഹകരണ ബാങ്കുകളുടെ കീഴിൽ പ്രവർത്തിക്കുന്ന നീതി സ്റ്റോറുകളിലെ ജീവനക്കാരുടെ ആകെ എണ്ണം എത്രയാണ് ;

(ബി) സഹകരണ ബാങ്കുകളുടെ ഡെപ്പോസിറ്റ് കളക്ഷൻ ഏജന്റുമാരുടെ ആകെ എണ്ണം എത്ര ;

LIBRARY ARCHIVES Kerala Legislative Assembly